ഉത്തരം

(എ&ബി) നിലവിലുള്ള റേഷൻ കാർഡുകൾ പുതുക്കി നല്കിയപ്പോൾ ബി.പി.എൽ.-എ.പി.എൽ. വിഭാഗത്തിൽപ്പെട്ട കാർഡുകൾ അതേ വിഭാഗത്തിൽ തന്നെ പുതുക്കി നൽകാനാണ് തീരുമാനം എടുത്തിട്ടുള്ളത്. ഇതിൽ തെറ്റുവന്നിട്ടുള്ള കേസുകളിൽ കാർഡുകൾ തിരുത്തി നൽകിയിട്ടുണ്ട്. ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഇനിയും തിരുത്തി നൽകാൻ കഴിയും. എന്നാൽ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർക്ക് എ.പി.എൽ. കാർഡു നൽകിയിട്ടുണ്ടെങ്കിൽ വരുമാനം പരിശോധിച്ച് ബി. പി. എൽ. ആക്കി മാറ്റി നൽകാൻ തീരുമാനമെടുത്തിട്ടില്ല. തദ്ദേശസ്വയം ഭരണ (ഗ്രാമവികസന) വകുപ്പു നടത്തുന്ന പുതിയ ബി.പി.എൽ. സർവ്വേയുടെ അടിസ്ഥാനത്തിൽ ബി.പി.എൽ. വിഭാഗത്തിൽ വരുന്നവരെ ആ വിഭാഗത്തിലുൾപ്പെടുത്താൻ കഴിയും. ഇപ്രകാരമുള്ള സർവ്വേയുടെ അടിസ്ഥാനത്തിൽ ബിപിഎൽ. ലിസ്റ്റ് തയ്യാറാക്കുന്നത് അത്താതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

**വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകൾ ഉപയോഗിക്കാൻ നടപടി**

**45 (2493)** ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വകാര്യ ഗോഡൗണുകൾ വാടകയ്ക്ക് എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുമേഖലാ സ്ഥാപനമായ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകൾ ഒഴിഞ്ഞു കിടക്കുമ്പോൾ അത് ഉപയോഗപ്പെടുത്തിയാൽ രണ്ടു പൊതുമേഖലാ സ്ഥാപനങ്ങൾക്കും പ്രയോജനകരമായിരിക്കുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനനുസരിച്ചുള്ള നടപടി കൈക്കൊള്ളുമോ ;

(സി) സ്വകാര്യ ഗോഡൗണുകൾ ഉപയോഗിക്കുന്നതുകൊണ്ടാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന് വൻ സാമ്പത്തികനഷ്ടം വരുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി കൈക്കൊള്ളുമോ ;

(ഇ) ഇക്കാര്യത്തിൽ പെറ്റിഷൻസ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വകാര്യ ഗോഡൗണുകൾ വർഷങ്ങളായി വാടകയ്ക്കെടുക്കാറുണ്ട്. കരാറടിസ്ഥാനത്തിലാണ് ഇവ എടുത്തിട്ടുള്ളത്. പെട്ടെന്ന് അവ മാറ്റുമ്പോൾ, കരാർ വ്യവസ്ഥ പ്രകാരംതന്നെ ധാരാളം സാമ്പത്തിക നഷ്ടം കോർപ്പറേഷനുണ്ടാവും. ഇതുമാത്രമല്ല, ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഗോഡൗൺ നിർത്തലാക്കുമ്പോൾ ഉണ്ടാകുന്ന തൊഴിൽ പ്രശ്നം വളരെ രൂക്ഷമായിരിക്കും. ഇങ്ങനെ 36 സ്വകാര്യ ഡിപ്പോകളാണ് ഇപ്പോൾ കോർപ്പറേഷൻ വാടകയ്ക്ക് എടുത്തിട്ടുള്ളത്. ഇവിടെ ജോലി ചെയ്യുന്ന സിവിൽ സപ്ലൈസിലെ 202 ജീവനക്കാർക്ക് ജോലി നഷ്ടപ്പെടുകയാവും ഫലം. സിവിൽ സപ്ലൈസ് കോർപ്പറേഷനിലെയും സിവിൽ സപ്ലൈസ് വകുപ്പിലെയും മുഴുവൻ ജീവനക്കാരും സംഘടന-കക്ഷി ഭേദമെന്യേ സമരത്തിന്റെ പാതയിലാണ്. വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ ഉപയോഗപ്പെടുത്താനും ആ സ്ഥാപനത്തിലെ ജീവനക്കാരെ സംരക്ഷിക്കുന്നതിനുമായി മറ്റൊരു പൊതുമേഖലാ സ്ഥാപനമായ സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ജീവനക്കാരെ പുനർവിന്യാസിക്കണമെന്നും, അവരുടെ ഡെപ്യൂട്ടേഷൻ അവസാനിപ്പിക്കണമെന്നും പറയുന്നത് യുക്തിസഹമല്ല.

ഗ്രാമങ്ങളിൽ വരെ എത്തുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലിസ്റ്റോറുകളും മൊബൈൽ മാവേലിസ്റ്റോറുകളും, മെഡിക്കൽ സ്റ്റോറുകളും ലാഭം സ്റ്റോറുകളും, സൂപ്പർമാർക്കറ്റുകളും മറ്റും അടങ്ങിയ വിപുലമായ വ്യാപാരശൃംഖലയുടെ നിയന്ത്രണം അഞ്ച് റീജിയണൽ ഓഫീസുകൾ കഴിഞ്ഞാൽ പ്രത്യേകം ജില്ലാ ഓഫീസുകൾ ഇല്ലാത്തതിനാൽ 60 താലൂക്ക് ഡിപ്പോകളിൽ നിക്ഷിപ്തമാണ്. ഇതിൽ 36 ഡിപ്പോകൾ വെയർഹൗസിംഗ് കോർപ്പറേഷനിലെ ജീവനക്കാരുടെ നിയന്ത്രണത്തിലായാൽ അമ്പത് ശതമാനത്തിലേറെയും മറ്റൊരു വകുപ്പിന്റെ നിയന്ത്രണത്തിലാവും. സിവിൽ സപ്ലൈസ് കോർപ്പറേഷന് അത്യാവശ്യസാധനങ്ങളുടെ സംഭരണത്തിലും വിതരണത്തിലും ഉള്ള എല്ലാ നിയന്ത്രണവും നഷ്ടപ്പെടും. സമയം നോക്കിയല്ല ഇവിടത്തെ പ്രവർത്തനം. അത്യാവശ്യ ഘട്ടങ്ങളിൽ വളരെയേറെ സമയം ജോലി ചെയ്യേണ്ടിവരും. പൂർണ്ണ സഹകരണമുണ്ടെങ്കിൽ മാത്രമേ അത്യാവശ്യ സന്നിഗ്ദ്ധഘട്ടങ്ങൾ തരണം ചെയ്യാൻ കഴിയുകയുള്ളൂ. ഇവിടെ രാഷ്ട്രീയ-കക്ഷി വ്യത്യാസമില്ലാതെ എല്ലാവരും ഒന്നിച്ച് നില്ക്കുന്നതിനാലാണ്, പൊതു പണിമുടക്ക് വരുമ്പോഴും ലോറി സമയം വരുമ്പോഴും ഒന്നും, നിത്യോപയോഗസാധനങ്ങളുടെ വിതരണം മുടങ്ങാതിരിക്കുന്നത്. സാധനങ്ങളുടെ ഗുണനിലവാരം പ്രധാനമാണ്. കരാറുകാർ സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരവും, വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരവും ഉറപ്പുവരുത്തുന്നത് ഡിപ്പോ സ്റ്റാഫ് ആണ്. ഓണം പോലുള്ള വിശേഷ അവസരങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കേണ്ട ഈ സ്ഥാപനങ്ങളുടെ നിയന്ത്രണം മറ്റൊരു സ്ഥാപനത്തിനും നൽകാൻ കഴിയുകയില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 36 ഗൗഡൗണുകളിൽ സ്ഥിരമായി ജോലി ചെയ്യുന്ന 570 ഓളം കയറ്റിറക്കു തൊഴിലാളികളുണ്ട്. ഈ ഗോഡൗണുകൾ മാറുന്നതോടെ ഈ തൊഴിലാളികൾക്ക് പണി ഇല്ലാതാകും. സ്വാഭാവികമായും കക്ഷിഭേദമെന്യേ അവരും സമരരംഗത്ത് വരും. ഇത് കോർപ്പറേഷന്റെ ഇന്നത്തെ സുഗമമായ നടത്തിപ്പിന് ക്ഷതമേല്പിക്കും. ഇവരും, കോർപ്പറേഷൻ/ ഡിപ്പാർട്ട്മെന്റ് ജീവനക്കാരും ഒന്നിച്ച് സമരരംഗത്തിറങ്ങിയാൽ, നിത്യോപയോഗ സാധനങ്ങളുടെ വിതരണം പൂർണ്ണമായും സ്തംഭിക്കുകയും അത് പൊതു വിപണിയിൽ വമ്പിച്ച വിലക്കയറ്റത്തിന് വഴിവെയ്ക്കുകയും ചെയ്യും. മാത്രമല്ല, 36 ഗോഡൗണുകൾ അടയ്ക്കാൻ ഇവിടെ ജോലിചെയ്യുന്ന തൊഴിലാളികൾ ഒരു കാരണവശാലും സമ്മതിക്കാനും പോകുന്നില്ല. അതൊരു കലാപമായി മാറാൻ വരെ സാധ്യതയുണ്ട്. വെയർഹൗസിംഗ് കോർപ്പറേഷന് അവരുടെ തൊഴിലാളികളുണ്ട്. ഈ തൊഴിലാളികൾ, മുൻകാല അനുഭവം വച്ചുനോക്കുമ്പോൾ ഓണക്കാലത്തും മറ്റും അനാവശ്യമായി വിലപേശൽ നടത്തുമെന്ന ഭയം സിവിൽ സപ്ലൈസ് കോർപ്പറേഷനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ ശാന്തമായ അവസ്ഥ നശിപ്പിക്കാൻ മാത്രമേ പുതിയ രീതി ഉപകരിക്കുകയുള്ളൂ. മാറ്റങ്ങൾ നല്ലതിലേക്കാവണമല്ലോ. ഭംഗിയായി പോകുന്നവ നശിപ്പിക്കുന്ന രീതിയിലേക്കാവരുത്. കേരളത്തിലെ കുറേ തൊഴിലാളികളേയും കുറേ ജീവനക്കാരേയും മാത്രം ബാധിക്കുന്ന പ്രശ്നമല്ല ഇത്. സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്ന പ്രശ്നമാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ പുതുതായി ഡിപ്പോകളൊന്നും വാടകയ്ക്കെടുത്തിട്ടില്ല. ഉള്ള ഡിപ്പോകൾ തന്നെ നിർത്തൽ ചെയ്യുകയാണ്.

(സി-ഡി) ഇല്ല.

(ഇ) പെറ്റീഷ്യൻസ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ സിവിൽ സപ്ലൈസ് വകുപ്പിന്റെയും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും കാര്യക്ഷമമായ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്ന് കണ്ടതുകൊണ്ട് അവ നടപ്പാക്കേണ്ടതില്ലെന്ന് തിരുമാനമെടുക്കുകയും അക്കാര്യം കമ്മിറ്റിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**റേഷൻ കടകൾ വഴിയുള്ള പലവ്യഞ്ജന വിതരണം**

**46 (2494)** ശ്രീ. എം. എ. വാഹിദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻകടകൾവഴി വിവിധയിനം പലവ്യഞ്ജനങ്ങൾ കുറഞ്ഞവിലയ്ക്ക് വിതരണം ചെയ്യുന്ന സംവിധാനം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സംവിധാനത്തിന്റെ ചുമതല ആരെയാണ് ഏല്പിച്ചിട്ടുള്ളത് ;

(സി) സംസ്ഥാനത്ത് ഇപ്പോൾ ഇത്തരത്തിൽ പലവ്യജ്ഞനങ്ങൾ എത്ര റേഷൻകടകൾ വഴി നൽകി വരുന്നുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തിരഞ്ഞെടുക്കപ്പെട്ട റേഷൻകടകൾ വഴി പലവ്യഞ്ജനങ്ങൾ കുറഞ്ഞ വിലക്ക് വിതരണം ചെയ്യുന്ന സംവിധാനം നിലവിലുണ്ട്.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷനും സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റും ചേർന്നാണ് പ്രസ്തുത സംവിധാനം നടപ്പിലാക്കി വരുന്നത്.

(സി) 2179 റേഷൻ കടകൾവഴി.

**മാവേലിസ്റ്റോറുകളിലെ വിലനിലവാരവും വരുമാനവും**

**47 (2495)** ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാവേലിസ്റ്റോറുകൾ മുഖേന എന്തൊക്കെ നിത്യോപയോഗ സാധനങ്ങളാണ് വില്പന നടത്തി വരുന്നതെന്നും അവയുടെ ചില്ലറ വില്പന വില എത്രയാണെന്നും അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly